O/L


**കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ്**

**കുളത്തൂപ്പുഴ പി ഒ, പിൻ .691310, കൊല്ലം ജില്ല**

**ഫോൺ : 04752317526, ഇ.മെയിൽ :kpzagp@gmail.com**


---

JC1/1117/24 തീയതി: 06.02.2024

പ്രേഷകൻ

സെക്രട്ടറി

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ശ്രീ/ശ്രീമതി. അബ്ദുള് മജീദ് / സഫീന ബീവി

ഷാൻ മൻസില്

കുളത്തൂപ്പുഴ

സർ

വിഷയം: നവകേരള സദസ്സ്- കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് – കെട്ടിടനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: 1. താങ്കൾ നവകേരള സദസ്സില് സമർപ്പിച്ച അപേക്ഷ

2. ബഹു. അസിസ്റ്റൻറ് ഡയറക്ടർ, തദ്ദേസ്വയംഭരണ വകുപ്പ് ഓഫീസിലെ 23.12..2023-തീയതിലെ LSGD/DD/KLM/457/2023-E1 നമ്പ ഉത്തരവ്

3. അസിസ്റ്റൻറ് എഞ്ചിനീയർ, LID &EW സെക്ഷൻറെ അന്വേഷണ റിപ്പോർട്ട്

4. ബഹു. ഇൻറേണ്ല വിജിലൻസ് ഓഫീസ 06.02.2024 ൽ നടത്തിയ ഓൺലൈന് മീറ്റിംഗിലെ നിർദ്ദേശം

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നവകേരള സദസ്സിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച പരാതികൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽമേല് നടപടി സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം ലഭിച്ച കത്തിൻറെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം അന്വേഷണം നടത്തിയതില് ചുവടെ പറയുന്ന അപാകതകൾ കാണുന്നു. സൂചന (4) പ്രകാരം ബഹു. ഇൻറേണല് വിജിലൻസ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തില് അപാകതകൾ ചുവടെ ചേർക്കുന്നു.

1. താങ്കൾ സമർപ്പിച്ച താലൂക്ക് സർവ്വേയറുടെ പ്ലോട്ട് സ്കെച്ച് പ്രകാരം പ്ലോട്ട് അതിരുകള് അളന്നതിൽ പ്രകാരം മലയോര ഹൈവേയുടെ അതിരും കെട്ടിടത്തിൻറെ അതിരും തമ്മില് ഉള്ള അകലം 1.40 മീ ആണ്. നിയമപ്രകാരം ആവശ്യമുള്ളത് 3 മീ. ആണ്.
2. കെട്ടിടനിർമ്മാണ ചട്ടം പ്രകാരം ബിൽഡിംഗിൻറെ മുൻവശത്തുള്ള അങ്കണം 3 മീ. വീതിയിൽ ഉണ്ടാകേണ്ടതാണ്. സ്ഥലത്ത് ലഭ്യമായത് 1.40 മീ ആണ്.

Received

3. കെട്ടിടനിർമ്മാണ ചട്ടങ്ങള് പ്രകാരം 1മീ, 1.50മീ ഇറസായ സ്ഥലം ഉള്ളടത്ത് തള്ളൽ അനുവദിച്ചിട്ടുള്ളത് 60 സെ.മീ ആണ്. എന്നാൽ 1.40മീ ഇറസ സ്ഥലം ഉള്ളടത്ത് 1 മീ തള്ളല് നൽകിയിട്ടുണ്ട്. ഇത് നിയമ ലംഘനമാണ്.

4. കൂടാതെ കെട്ടിടത്തിൻറെ ശൂന്യസ്ഥലം റൂഫിംഗ് ചെയ്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അത് നിയമ വിരുദ്ധമാണ്.

5. 2022/23 വർഷത്തെ ഭൂനികുതി രസീതിലും കൈവശാവകാശ സർട്ടിഫിക്കറ്റിലും വസ്തുവിൻറെ വിസ്തീർണ്ണം 364 ച.മീ നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സൈറ്റ് പ്ലാനിലും താലൂക്ക് സർവ്വേയറില് നിന്നും ലഭ്യമായ റിപ്പോർട്ടിലും 505.93 ച.മീ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു

മേൽ പരാമർശങ്ങള് സ്ഥലത്ത് കൃത്യമാക്കി പ്ലാന് പുനർസമർപ്പിക്കുന്ന മുറയ്ക്ക് കംപ്ലീഷൻ ഒക്യുപൻസിയ്ക്ക് പരിഗണിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

6/2/24

KULATHUPUZHA GRAMA PANCHAYAT OFFICE ★ 691310 ★ KULATHUPUZHA

Secretary
SHIBU KUMAR.S
(PEN-574900)
Kulathupuzha Grama Panchayat
Kollam District. Ph.9496041753